കല്ലട ഡാമിന്റെ ചോർച്ച

* 102 [107] ശ്രീ. കെ. ടി. കുമാരൻ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കെ. ആർ. ചന്ദ്ര മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലട ഡാമിന്റെ ചോർച്ച തടയാൻ ഇതുവരെ എന്ത് നടപടിയാണ് സ്വീകരിച്ചത് ;

(ബി) ചോർച്ച തടഞ്ഞ് ഡാമിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുവാൻ കൂടുതലായി ചെലവാക്കേണ്ടി വരുന്ന തുകയെത്ര ;

(സി) പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) കല്ലട ഡാമിൽ ഉണ്ടായ കിനിവ് (Seepage) തടയാൻ ഗ്രൗട്ടിംഗ് ജോലികൾ പൂർത്തിയായി. ഡാമിന്റെ റിസർവോയർ വശത്ത് മുൻപു ചെയ്തു നിറുത്തിയിരുന്ന + 250 ലവലിന് മുകളിലേക്ക് ഗണ്ണറിംഗ് തുടരുകയാണ്.

(ബി) ഡാമിന്റെ + 250 ലവൽ വരെ ഗണ്ണറിംഗ് മുൻകാലങ്ങളിൽ ചെയ്തു നിറുത്തിയിരുന്നു. അത് ജലാശയത്തിലെ ജലനിരപ്പ് ഏറ്റവും താഴുന്ന ലവലാണ്. അതിനു മുകളിൽ ആവശ്യം വരുന്ന മുറയ്ക്ക് ഗണ്ണറിംഗ് ചെയ്യാൻ കഴിയുന്ന വിധമാണ് 250 അടി ലവൽ വരെ ചെയ്തു നിർത്തിയിരുന്നത്. ഡാമിൽ കിനിവ് കണ്ട സ്ഥിതിക്ക് 250 അടി ലവലിനു മുകളിലേയ്ക്കും ഗണ്ണറിംഗ് ചെയ്യുന്നത് നന്നായിരിക്കുമെന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ ആ ലവലിനു മുകളിലേയ്ക്കും ഗണ്ണറിംഗ് നടത്തുകയാണ് അതിനു വേണ്ടിവരുന്ന ആകെ ചെലവ് 20.91 ലക്ഷം രൂപയാണ്.

(സി) പ്രസ്തുത പദ്ധതി 1986 മേയ് ആദ്യവാരം കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു.

സ്പ്ലൂയിസ് വാൽവുകൾ

* 103 [108] ശ്രീ. എ. വി. താമരാക്ഷൻ :
,, കെ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം എത്ര രൂപയുടെ സ്പ്ലൂയിസ് വാൽവുകൾ വാങ്ങിയിട്ടുണ്ട് ;

(ബി) ഇതിന് എത്ര സംഖ്യയുടെ ഓർഡറുകൾ ഇപ്പോൾ നിലവിലുണ്ട് ;

(സി) ജലസേചന വകുപ്പിന്റെ ആവശ്യത്തിനുവേണ്ടി സ്പ്ലൂയിസ് വാൽവുകൾ വാങ്ങിയതിൽ ക്രമക്കേടുകൾ നടന്നതിന്റെ പേരിൽ എഞ്ചിനീയർമാരുടെ പേരിൽ കേസ് സെടുത്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആരുടെയെല്ലാം പേരിൽ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കേസ്സിനോടനുബന്ധിച്ച് ഇവരുടെ പേരിൽ എടുത്ത ശിക്ഷണ നടപടികളും എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം പ്രോജക്ട് ഒന്ന് ചീഫ് എഞ്ചിനീയറുടെ അധികാര പരിധിയിലുള്ള പ്രോജക്ട് ഡിവിഷനുകൾ വഴി ഇതുവരെ ഏകദേശം 168.565 ലക്ഷം രൂപയുടെ സപ്ലൂയിസ് വാൽവുകളും, പ്രോജക്ട് രണ്ട് ചീഫ് എഞ്ചിനീയറുടെ അധികാരപരിധിയിലുള്ള ജലസേചന പദ്ധതികൾക്കായി 2,34,195 രൂപയുടെ ആൽഫാസ്പ്ലൂയിസ് വാൽവുകളും വാങ്ങിയിട്ടുണ്ട്.

(ബി) ഓർഡർ ഒന്നും ഇപ്പോൾ നിലവിലില്ല.

(സി) ഉണ്ട്.

(ഡി) പേരുവിവരം താഴെ കൊടുത്തിരിക്കുന്നു.

1. ശ്രീ. എസ്. കൃഷ്ണ അയ്യർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ (റിട്ടയർ ചെയ്തു)
2. എ. അഹമ്മദു കൽനാട്, എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ടയർ ചെയ്തു)
3. വി. കെ. സുശീലൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ
4. പി. വി. കൃഷ്ണൻ, സൂപ്രണ്ടിംഗ് എഞ്ചിനീയർ
5. പി. ജോർജ് പോൾ, സൂപ്രണ്ടിംഗ് എഞ്ചിനീയർ (റിട്ടയർ ചെയ്തു)
6. ശ്രീ. ജോർജ്ജ് തോമസ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ
7. ററി. നടരാജൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ
8. ററി. എസ്. മണി, ചീഫ് എഞ്ചിനീയർ
9. ഗോപാലകൃഷ്ണൻ, ചീഫ് എഞ്ചിനീയർ (റിട്ടയർ ചെയ്തു)
10. ആർ. ശങ്കര രാമ അയ്യർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ
11. എൻ. ബാലൻ, സൂപ്രണ്ടിംഗ് എഞ്ചിനീയർ
12. പി. എം. ശ്രീനിവാസൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ.

(ഇ) സർവ്വശ്രീ. വി. കെ. സുശീലൻ, പി. വി. കൃഷ്ണൻ, ജോർജ് തോമസ്, ററി. നടരാജൻ, ററി. എസ്. മണി, എൻ. ബാലൻ, പി. എം. ശ്രീനിവാസൻ, ശങ്കരരാമ അയ്യർ, എന്നീ എഞ്ചിനീയർമാരെ സർവ്വീസിൽ നിന്നും 24-10-1985-ലെ ജി. ഓ. (ആർ. ററി.) 169/85/വി. ജി. പ്രകാരം സസ്പെൻഡ് ചെയ്തിട്ടുണ്ട്.

കേസ് വിജിലൻസ് അന്വേഷണത്തിലിരിക്കുകയാണ്.

സഹകാര്യ മേഖലയിൽ പൂട്ടികിടക്കുന്ന ഫാക്ടറികൾ

* 104 [109] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ഫാക്ടറികളിൽ ഇന്ന് പൂട്ടിക്കിടക്കുന്നവ ഏതെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly